# 13-ാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 6241 09/07/2013-ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിന് കാലാകാലങ്ങളിൽ സർക്കാർ നടപ്പിലാക്കിയിരുന്ന പദ്ധതികളുടെ നേട്ടങ്ങളും കോട്ടങ്ങളും സർക്കാർ വിലയിരുത്താറുണ്ടോ; ഇവർക്കു വേണ്ടി ചെലവഴിക്കുന്ന തുകയുടെ എത്ര ശതമാനം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്നും ശരിയായ തരത്തിൽ തുക വിനിയോഗിക്കപ്പെടുന്നുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിന് കാലാകാലങ്ങളിൽ നടപ്പാക്കുന്ന പദ്ധതികളുടെ നേട്ടങ്ങളും കോട്ടങ്ങളും പരിശോധനയ്ക്കു വിധേയമാക്കി വിലയിരുത്തലുകൾ നടത്തുന്നുണ്ട്. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനു വേണ്ടി ചെലവഴിക്കുന്ന തുക പൂർണ്ണമായും യഥാർത്ഥ ഗുണഭോക്താക്കൾക്കു ലഭിക്കുന്നുവെന്നും ടി തുക ശരിയായ തരത്തിൽ വിനിയോഗിക്കുന്നുവെന്നും പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. |
| (ബി) | പട്ടികവർഗ്ഗവിഭാഗങ്ങൾ മറ്റ് സമുദായങ്ങളിലെ വ്യക്തികൾക്കൊപ്പം സാംസ്കാരികവും, വിദ്യാഭ്യാസപരവും ആരോഗ്യപരവുമായി തുല്യമായ വളർച്ച നേടിയിട്ടില്ലാത്തത് എന്തുകൊണ്ടാണെന്നു പരിശോധിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. എല്ലാ പട്ടികവർഗ്ഗ സമുദായങ്ങളും തനത് സാംസ്ക്കാരിക പശ്ചാത്തലമുള്ളവരായതിനാൽ ഇവർ മറ്റ് സമുദായങ്ങളിലെ വ്യക്തികൾക്കൊപ്പം സാംസ്ക്കാരികവും വിദ്യാഭ്യാസപരവും ആരോഗ്യപരവുമായി തുല്യമായ വളർച്ച നേടിയിട്ടില്ല. എന്നിരുന്നാലും വിദ്യാഭ്യാസപരമായി നില മെച്ചപ്പെട്ടിട്ടുണ്ട്. ആധുനിക വൈദ്യ സഹായം സ്വീകരിക്കുന്നതിനും ചികിത്സയ്ക്കു വിധേയമാകുന്നതിനും ഇവർ തയ്യാറാകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | **ഇവരെ മറ്റ് ജനവിഭാഗങ്ങളുടെ സാംസ്കാരിക നിലവാരത്തിലേക്കും ജീവിത നിലവാരത്തിലേക്കും ഉയർത്തുവാൻ കൈക്കൊണ്ടിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?** | (സി) | 1) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, 107 പ്രീ മെട്രിക് ഹോസ്റ്റലുകൾ, 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ഐ ടി ഐ കൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവ മുഖേന പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതി കൈവരിക്കുന്നുണ്ട്. പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയിലൂടെ മെഡിക്കൽ എൻജിനീയറിംഗ് അനുബന്ധ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിന് തീവ്ര പരിശീലനവും എം.ബി.ബി.എസ് പ്രവേശനത്തിന് ഒരു വർഷം ദൈർഘ്യമുള്ള പരിശീലനവും നൽകുന്നു. പ്രവേശനം ലഭിക്കുന്ന പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്ക് 5000 രൂപ ധനസഹായമായി പട്ടികവർഗ്ഗ വികസന വകുപ്പ് നൽകി വരുന്നു. പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയും വകുപ്പു മുഖേന നൽകി വരുന്നു.<br>2) പ്രത്യേക കേന്ദ്ര സഹായ പദ്ധതി, കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275(1) പ്രകാരമുള്ള കേന്ദ്ര സഹായം, പൂൾഡ് ഫണ്ട് എന്നിങ്ങനെ വിവിധ പദ്ധതികൾ വഴി വിവിധ കാർഷിക വികസന പദ്ധതികൾ, മൃഗ സംരക്ഷണ പരിപാലന പരിപാടികൾ, സ്കിൽ ഡവലപ്പ്മെന്റ് പദ്ധതികൾ, ഭവന നിർമ്മാണം, തുടങ്ങിയവയും റോഡ്, സാംസ്ക്കാരിക |

| | | | |
|---|---|---|---|
| | | | നിലയങ്ങളുടെ നിർമ്മാണം വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക പുരോഗതി നേടുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു.<br>3) ടി.ആർ.ഡി.എം മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു.<br>4) പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്ക് ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ പ്രസവാനന്തരം 12 മാസം വരെ പ്രതിമാസം 1000 രൂപ നിരക്കിൽ പോഷകാഹാര സമ്പാദനത്തിനായി ചെലവഴിക്കുന്നതിന് ധനസഹായം നൽകുന്ന ജനനി ജന്മ രക്ഷ എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.<br>5) സംസ്ഥാനത്തെ തെരെഞ്ഞെടുക്കപ്പെട്ട സർക്കാർ/അർദ്ധസർക്കാർ ആശുപത്രികളിൽ പട്ടിക വർഗ്ഗക്കാരായ ഗുണഭോക്താക്കൾക്ക് പുറത്തു നിന്നുള്ള മരുന്നുകൾ, ലാബ് ടെസ്റ്റുകൾ, അടിയന്തിര സാഹചര്യങ്ങളിൽ ആംബുലൻസ് വാടക, രോഗിക്കും, കൂട്ടിരിപ്പുകാർക്കും ഭക്ഷണം വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. |

| | | |
|---|---|---|
| | | 6) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനത് കലാ സാംസ്ക്കാരിക പരിപാടികളെ കണ്ടെത്തു-ന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഗോത്രായനം, പൈതൃകോത്സവം പോലുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ആഫീസർ**